ആദിവാസി ഭവന പദ്ധതികൾ

285 (2523) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളിൽ എത്ര കുടുംബങ്ങൾക്ക് വീടില്ല എന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്കെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഭവനരഹിതരായ ആദിവാസി കുടുംബങ്ങളെ സഹായിക്കാൻ എന്തു പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ആദിവാസി കുടികളിലും എത്ര വീടുകൾ വീതം നിർമ്മിച്ചുനൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) ആദിവാസികളുടെ ഭവനനിർമ്മാണ പദ്ധതി പ്രകാരം പണികൾ ആരംഭിച്ചതിനുശേഷം പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ എത്ര വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇത് പൂർത്തിയാക്കാൻ കഴിയാത്തതെന്തെന്നും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) ആദിവാസികളുടെ ഭവന നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്നും ഇതുവഴി എത്ര വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, ഐ.എ.വൈ. പദ്ധതി മുഖാന്തരമുള്ള ഭവന നിർമ്മാണം, ഹഡ്കോ ലോൺ മുഖാന്തരം നിർമ്മിക്കുന്ന വീടുകൾ എന്നിവയിലൂടെ ഭവനരഹിത പട്ടിക വർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയതിന്റെ ജില്ലതിരിച്ചുള്ള വിവരവും ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ചതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദുർലഭ്യം, വിദഗ്ധരായ തൊഴിലാളികളുടെ അഭാവം, നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ദുർഘടാവസ്ഥ എന്നിവ മൂലം നിർമ്മാണ പ്രവൃത്തികൾ വൈകാറുണ്ട്. ഇതുസംബന്ധിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നല്കുന്നതിന് സ്വീകരിച്ച നടപടികൾ

286 (2524) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജും വഖഫും മന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫോറസ്റ്റ് റൈറ്റ് കമ്മിറ്റി, സബ് ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി, എസ്റ്റേറ്റ്‌ലവൽ കമ്മിറ്റി എന്നിവ ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ കമ്മിറ്റികൾ എന്നാണ് പുനഃസംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കമ്മിറ്റികൾ എത്ര ഭൂമി വിതരണം ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) അപ്രകാരം വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വനാവകാശ നിയമ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭൂമിയുടെ കൈവശ രേഖ നൽകുന്നതിന് അർഹരായ ആളുകളുടെ പക്കൽനിന്നും അപേക്ഷകൾ ശേഖരിക്കുകയും ആയത് ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി/സബ് ഡിവിഷണൽ കമ്മിറ്റി/ ജില്ലാതല കമ്മിറ്റി മുഖേന പരിശോധിച്ച് പാസ്സാക്കി കൈവശരേഖകൾ വിതരണം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly